(ഇ) ഈ പദ്ധതി 2011 ഫെബ്രുവരി 15-ന് ഭാഗീകമായി കമ്മീഷൻ ചെയ്യണമെന്ന് ഏറ്റവും ഒടുവിൽ കൂടിയ മന്ത്രിതല യോഗതീരുമാനം നടപ്പാക്കാനാവുമോ ;

(എഫ്) ചേർത്തല പ്രോജക്ടിന്റെ നടത്തിപ്പിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹാരം കാണുന്നതിന് ക്രമീകരണം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ജൈക്ക (ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിലെ അഞ്ച് ശുദ്ധ ജലവിതരണ പദ്ധതികളുടെ പ്രവർത്തന പുരോഗതി താഴെ പറയുന്നു.

പദ്ധതി	പുരോഗതി (30-11-2010 വരെ)
തിരുവനന്തപുരം	83.55 %
മീനാട്	87.7 %
ചേർത്തല	82.28 %
കോഴിക്കോട്	62.57 %
പട്ടുവം	72.21 %

ഇവയിൽ തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധ ജലവിതരണ പദ്ധതി 18-5-2010-ൽ ഭാഗീകമായി കമ്മീഷൻ ചെയ്ത് 37 mld ജലം വിതരണം ചെയ്തുവരുന്നു.

(ബി) 2011 ഏപ്രിൽ മാസത്തോടെ കമ്മീഷൻ ചെയ്യാനാകും എന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) ഇത്തരത്തിൽ ഒരാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഫെബ്രുവരി അവസാനത്തോടെ ഭാഗീകമായി കമ്മീഷനിംഗ് നടപ്പിലാക്കാൻ തീവ്രശ്രമം നടന്നുവരുന്നു.

(എഫ്) ഏർപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

132 (729) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കവണക്കല്ല് ആർ.സി.ബി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൊടിയത്തൂർ, കാരശ്ശേരി, മുക്കം, ഓമശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമർപ്പിച്ച പ്രോജക്ടിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രോജക്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൊടിയത്തൂർ കാരശ്ശേരി, മുക്കം, ഓമശ്ശേരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഓമശ്ശേരി പഞ്ചായത്ത് രണ്ടാം ഘട്ടത്തിൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശുദ്ധീകരണശാലയും ടാങ്കുകളും നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് മുക്കം, കാരശ്ശേരി പഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ട്. എന്നാൽ കെ.ഡബ്ല്യൂ.എ. യുടെ പുതിയ തീരുമാനപ്രകാരം സ്ഥലം പഞ്ചായത്തിൽ നിന്നും ലഭ്യമായതിനു ശേഷമെ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രോജക്ട് ചേരുമംഗല്ലൂരിൽ ഇരുവഴിഞ്ഞിപ്പുഴ, തെയ്യത്തും കടവ് എന്ന സ്ഥലത്ത് കിണറും (10 മീറ്റർ വ്യാസമുള്ള) പമ്പ് ഹൗസും നിർമ്മിച്ച് ചേരുമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂളിന് സമീപം ജല ശുദ്ധീകരണ ശാലയ്ക്കും (15 എം.എൽ.ഡി) സംഭരണികളും നിർമ്മിക്കുവാനും ഇവിടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഉന്നതതല സംഭരണിയിൽനിന്നും മുക്കം പഞ്ചായത്തിലേക്കുള്ള പ്രധാന വിതരണ ശൃംഖല സ്ഥാപിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കാരശ്ശേരി പഞ്ചായത്തിൽ ഓടത്തെരുവിൽ സമ്പും, എള്ളങ്ങൾ എന്ന സ്ഥലത്ത് ഉന്നതതല സംഭരണിയും നിർമ്മിച്ച് കാരശ്ശേരി പഞ്ചായത്തിലേക്കുള്ള പ്രധാന വിതരണ ശൃംഖല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

കൊടിയത്തൂർ പിടിഎം ഹൈസ്കൂളിനു സമീപം ഭൂതല സംഭരണി നിർമ്മിച്ച് കൊടിയത്തൂർ പഞ്ചായത്തിലേയ്ക്കും പ്രധാന വിതരണ ശൃംഖല സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

രണ്ടാം ഘട്ടത്തിൽ ഓമശ്ശേരി പഞ്ചായത്തിലെ മുതൂർ എന്ന സ്ഥലത്ത് ഭൂതല സംഭരണിയും പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവയും കൂടാതെ, മുക്കം, ഓമശ്ശേരി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകൾക്കുള്ള അവശേഷിക്കുന്ന വിതരണ ശൃംഖലയും സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് തുക 2500.00 ലക്ഷം രൂപയാണ്. രണ്ടാം ഘട്ടത്തിന്റെ വിശദമായ ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly